# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1190** **31.10.2019 ൽ മറുപടിക്ക്**

### തങ്കളം-കോഴിപ്പള്ളി ന്യൂ ബൈപ്പാസ് റോഡ് പ്രവൃത്തി

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

(എ) 2019-20 ബഡ്ജറ്റിൽ രണ്ട് റീച്ചുകളിലായി 14.5 കോടി രൂപ വകയിരുത്തിയിട്ടുള്ള തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കോൺട്രാക്ടറെ ഒഴിവാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന് ഇരുപത് ശതമാനം തുകയുടെ ഭരണാനുമതിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച രണ്ട് റീച്ചുകളുടെയും ടെണ്ടർ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ), (ബി), (സി), & (ഡി) തങ്കളം-കോഴിപ്പള്ളി ന്യൂ ബൈപ്പാസ് റോഡുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ച "ബഡ്ജറ്റ് വർക്ക് 2019-20 – Construction of Thakkalam – Kozhipilly new byepass road Ch.0/000 to 1/000" എന്ന പ്രവൃത്തിയുടെ 4.50 കോടി രൂപയുടെ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അടുത്ത റീച്ചിന്റെ ഭരണാനുമതിക്കായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

നിലവിലുണ്ടായിരുന്ന കോൺട്രാക്ടറെ 26.10.2019 തിയതിയിലെ G.O (Rt) No. 1243/2019/PWD പ്രകാരം പ്രവൃത്തിയുടെ കരാറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ